ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 06.06.2026**

## പ്രധാനവാർത്തകൾ

1) പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അധ്യക്ഷതയിൽ സാമ്പത്തിക ഉപദേശക സമിതി യോഗം ചേർന്നു. രാജ്യത്തിൻറെ സാമ്പത്തിക വളർച്ചയും പശ്ചിമേഷ്യൻ പ്രതിസന്ധിയും ചർച്ചയായി.
2) അതിവേഗ റെയിൽ പദ്ധതി പഠിക്കാൻ നാലംഗ സമിതിയെ നിയോഗിച്ച് സംസ്ഥാന സർക്കാർ.
3) വിദ്യാലയങ്ങളെ ലോകോത്തര നിലവാരത്തിലേക്ക് ഉയർത്തുകയാണ് സർക്കാർ ലക്ഷ്യമെന്നും വിദ്യാഭ്യാസ രംഗത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ക്രിയാത്മകമായി ഇടപെടാൻ സാധിക്കുമെന്നും മന്ത്രി എൻ ഷംസുദ്ദീൻ.
4) ബഡ്സ് സ്കൂൾ ജീവനക്കാർക്ക് ഇൻഷുറൻസ് പദ്ധതി ആവിഷ്ക്കരിക്കുമെന്നും 50 മാതൃകാ ബഡ്സ് സ്കൂളുകൾ സൃഷ്ടിക്കുമെന്നും മന്ത്രി കെ.എം.ഷാജി.
5) സംസ്ഥാനത്ത് അതിതീവ്ര മഴയ്ക്ക് സാധ്യത . കേരള -ലക്ഷദ്വീപ് - കർണാടക തീരങ്ങളിൽ ചൊവ്വാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക്.
6) പുരുഷ അണ്ടർ 18 ഏഷ്യാ കപ്പ് ഹോക്കിയിൽ ഇന്ത്യയ്ക്ക് കിരീടം. സാഫ് വനിതാ ഫുട്ബോൾ ചാമ്പ്യൻഷിപ്പ് ഫൈനലിൽ ഇന്ത്യ- ബംഗ്ലാദേശ് പോരാട്ടം.

RNU TVPM

&&&&&&&&&&&&&&&&&&

## പി.എം - ഇ.എ.സി - ചർച്ച

ആഗോള സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് കൂടുതൽ വേഗത പകരാനുള്ള നടപടികൾ ചർച്ച ചെയ്യുന്നതിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് സാമ്പത്തിക ഉപദേശക സമിതി അംഗങ്ങളുമായി കൂടിക്കാഴ്ച നടത്തി. ജനങ്ങളുടെ ജീവിതസൗകര്യങ്ങളും ബിസിനസ്സ് സാഹചര്യങ്ങളും മെച്ചപ്പെടുത്തുന്നതിനുള്ള വിവിധ പരിഷ്കാരങ്ങൾ യോഗത്തിൽ ചർച്ചയായി. പശ്ചിമേഷ്യൻ സംഘർഷങ്ങൾ ഇന്ത്യയിലും ആഗോളതലത്തിലും ഉണ്ടാക്കാവുന്ന സ്വാധീനത്തെക്കുറിച്ചുള്ള വിലയിരുത്തലുകളും സമിതി അംഗങ്ങൾ പ്രധാനമന്ത്രിയുമായി പങ്കുവെച്ചു.

&&&&&&&&&&&&&&&&&&

## അതിവേഗ റെയിൽ - സമിതി

കേരളത്തിൽ നടപ്പാക്കാൻ മെട്രോമാൻ ഇ. ശ്രീധരൻ മുന്നോട്ടുവെച്ച അതിവേഗ റെയിൽ പദ്ധതി പഠിക്കാൻ നാലംഗ സമിതിയെ നിയോഗിച്ച് സംസ്ഥാന സർക്കാർ. ഗതാഗത സെക്രട്ടറിയാണ് സമിതിയുടെ അധ്യക്ഷൻ. പരിസ്ഥിതി വിദഗ്ധൻ ശ്രീധർ രാമകൃഷ്ണനെയും സമിതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിവേഗ റെയിൽ പദ്ധതിയുടെ ഇടക്കാല റിപ്പോർട്ട് ഇ. ശ്രീധരൻ മുഖ്യമന്ത്രി വി.ഡി. സതീശന് കഴിഞ്ഞ ദിവസം കൈമാറിയിരുന്നു.

&&&&&&&&&&&&&&&&&&

## മന്ത്രി എൻ. ഷംസുദ്ദീൻ

വിദ്യാലയങ്ങളെ ലോകോത്തര നിലവാരത്തിലേക്ക് മാറ്റുകയാണ് സർക്കാർ ലക്ഷ്യമെന്നും വിദ്യാഭ്യാസ രംഗത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ക്രിയാത്മകമായി ഇടപെടാൻ സാധിക്കുമെന്നും മന്ത്രി എൻ ഷംസുദ്ദീൻ. കോഴിക്കോട് എസ്.എസ്.എൽ.സി, ഹയർസെക്കൻഡറി പരീക്ഷകളിൽ മികച്ച വിജയം നേടിയവരെ ആദരിക്കാനായി സംഘടിപ്പിച്ച വിക്ടോറിയ 2026' ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. വിദ്യാർഥികൾ

RNU TVPM

വിദ്യാർഥികൾ അഭിരുചിക്കനുസരിച്ച് കോഴ്സുകൾ തിരഞ്ഞെടുക്കണമെന്നും മന്ത്രി അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&&&&

## ബഡ്സ് സ്കൂൾ -ഇൻഷുറൻസ്

ബഡ്സ് സ്കൂൾ ജീവനക്കാർക്ക് ഇൻഷുറൻസ് പദ്ധതി ആവിഷ്ക്കരിക്കുമെന്നും 50 ബഡ്സ് സ്കൂളുകളെ മാതൃകാ ബഡ്സ് സ്കൂളുകളാക്കി മാറ്റുമെന്നും മന്ത്രി കെ.എം.ഷാജി. മലപ്പുറം വേങ്ങര എ.ആർ.നഗർ സ്പെഷ്യൽ സ്കൂളിൽ ബഡ്സ് സ്കൂൾ, ബഡ്സ് റിഹാബിലിറ്റേഷൻ എന്നിവയുടെ സംസ്ഥാനതല പ്രവേശനോത്സവം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. നിലവിലുള്ള ബഡ്സ് സ്കൂൾ സംവിധാനങ്ങളുടെ കാര്യക്ഷമതയിൽ ഓഡിറ്റ് നടത്തുമെന്നും മന്ത്രി പറഞ്ഞു. തദ്ദേശ സ്ഥാപനങ്ങളുടെയും കുടുംബശ്രീയുടെയും നേതൃത്വത്തിൽ 187 ബഡ്സ് സ്കൂളുകളും 218 ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററുകളുമാണ് സംസ്ഥാനത്തുള്ളത്.

&&&&&&&&&&&&&&&&&&

RNU TVPM

## അതിതീവ്ര മഴ

സംസ്ഥാനത്ത് അതിതീവ്ര മഴയ്ക്ക് സാധ്യത. മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് ഇന്ന് റെഡ് ജാഗ്രത പ്രഖ്യാപിച്ചു . പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയാണ്. നാളെ തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയാണ്. ഇടിമിന്നലോടു കൂടിയ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കുള്ള സാധ്യതയാണ് ഉള്ളതെന്നും കാലാവസ്ഥാവകുപ്പ് അറിയിച്ചു . കേരള -ലക്ഷദ്വീപ് -കർണാടക തീരങ്ങളിൽ ഇന്ന് മുതൽ ചൊവ്വാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തിയിട്ടുണ്ട്

&&&&&&&&&&&&&&&&&&

## കണ്ണൂർ - മഴ (ഇൻട്രോ)

കണ്ണൂർ ജില്ലയിൽ പരക്കെ കനത്ത മഴ. വൈകിട്ട് മൂന്ന് മണിക്ക് ശേഷമാണ് മഴ ശക്തമായത്. താഴ്ന്ന പ്രദേശങ്ങളിൽ വെള്ളം കയറി. കടൽക്ഷോഭവും രൂക്ഷമായി.

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ. ഓ ശശിധരൻ ...**

**(വോയ്സ്)**

&&&&&&&&&&&&&&&&&&

## മന്ത്രി ടി. സിദ്ദീഖ്

വയനാട് കോളിയാടി സ്കൂളിൽ ശാരീരിക അസ്വസ്ഥതയെ തുടർന്ന് 30 ലേറെ വിദ്യാർത്ഥികൾ ചികിത്സയിൽ കഴിയുന്ന വിഷയം സർക്കാർ ഗൗരവമായി കാണുന്നുവെന്ന് മന്ത്രി ടി സിദ്ദീഖ്. കോഴിക്കോട് മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു മന്ത്രി . വിഷയത്തിൽ ഡിഎംഒയോട് റിപ്പോർട്ട് തേടിയതായും മന്ത്രി പറഞ്ഞു. ഭക്ഷണവും വെള്ളവും സാംപിൾ പരിശോധനയ്ക്കയച്ചിട്ടുണ്ട്. ഇന്ന് ഉച്ചയോടെയാണ് പനിയും ഛർദിയും ബാധിച്ച് വിദ്യാർത്ഥികളെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

RNU TVPM

&&&&&&&&&&&&&&&&&&

## സാഫ് വനിതാ ഫുട്ബോൾ

സാഫ് വനിതാ ഫുട്ബോൾ ചാമ്പ്യൻഷിപ്പിന്റെ ഫൈനലിൽ ഇന്ന് ഇന്ത്യ- ബംഗ്ലാദേശ് പോരാട്ടം. ഗോവയിലെ മഡ്ഗാവിലുള്ള നെഹ്റു സ്റ്റേഡിയത്തിലാണ് മത്സരം. സെമിഫൈനലിൽ ഭൂട്ടാനെ ഏകപക്ഷീയമായ ഒരു ഗോളിന് പരാജയപ്പെടുത്തിയാണ് ഇന്ത്യ ഫൈനലിൽ പ്രവേശിച്ചത്. മുൻപ് അഞ്ച് തവണ ഈ കിരീടം നേടിയിട്ടുള്ള ഇന്ത്യ തങ്ങളുടെ ആറാം കിരീടമാണ് ഇന്ന് ലക്ഷ്യമിടുന്നത്.

&&&&&&&&&&&&&&&&&&

## <u>ഹോക്കി - ഏഷ്യ കപ്പ്</u>

പുരുഷ അണ്ടർ 18 ഏഷ്യാ കപ്പ് ഹോക്കി ടൂർണമെൻറിൽ ഇന്ത്യയ്ക്ക് കിരീടം. ഇന്ന് നടന്ന ഫൈനലിൽ ആതിഥേയരായ ജപ്പാനെ ഇന്ത്യ ഒന്നിനെതിരെ നാലു ഗോളുകൾക്ക് പരാജയപ്പെടുത്തി .

&&&&&&&&&&&&&&&&&&

## <u>ട്വൻറി -20 ക്രിക്കറ്റ് ടീം</u>

ഇംഗ്ലണ്ട്, അയർലൻഡ് പര്യടനങ്ങൾക്കുള്ള 16 അംഗ ഇന്ത്യൻ ട്വന്റി-20 ക്രിക്കറ്റ് ടീമിനെ പ്രഖ്യാപിച്ചു. ശ്രേയസ് അയ്യരാണ് ക്യാപ്റ്റൻ. തിലക് വർമ്മയാണ് വൈസ് ക്യാപ്റ്റൻ. യുവതാരങ്ങളായ വൈഭവ് സൂര്യവംശിയും പ്രിൻസ് യാദവും ടീമിലിടം നേടി.

&&&&&&&&&&&&&&&&&&

## <u>ടെസ്റ്റ് ക്രിക്കറ്റ് - ഇന്ത്യ-അഫ്ഗാൻ</u>

ന്യൂ ചണ്ഡിഗഡിൽ അഫ്ഗാനിസ്ഥാനെതിരായ ഏകദിന ക്രിക്കറ്റ് ടെസ്റ്റിന്റെ ഒന്നാം ദിവസം കളി നിർത്തുമ്പോൾ ഇന്ത്യ ഒന്നാം ഇന്നിംഗ്സിൽ 3 വിക്കറ്റ് നഷ്ടത്തിൽ 368 റൺസെന്ന ശക്തമായ നിലയിൽ. സെഞ്ച്വറി നേടിയ കെ.എൽ രാഹുലിന്റെയും ക്യാപ്റ്റൻ ശുഭ്മാൻ ഗില്ലിന്റെയും പ്രകടനമാണ് ഇന്ത്യയ്ക്ക് കരുത്തായത്.

RNU TVPM

&&&&&&&&&&&&&&&&&&

## <u>ഇടുക്കി - ദേശീയപാത (ഇൻട്രോ)</u>

കൊച്ചി - ധനുഷ്ക്കോടി ദേശീയപാതയിൽ നേര്യമംഗലത്ത് പെരിയാറിന് കുറുകെ നിർമിക്കുന്ന പുതിയ പാലത്തിന്റെ പണികൾ അവസാനഘട്ടത്തിൽ. കേരളത്തിലെ ആദ്യ ഉരുക്ക് നിർമ്മിത കമാനപ്പാലമാണിത്. പുതിയ പാത, വരുന്ന ഓഗസ്റ്റിൽ പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷ.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ...**
(വോയ്സ്)

&&&&&&&&&&&&&&&&&&

## കാട്ടുപന്നി ശല്യം- മൊബൈൽ ആപ്പ്

മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി കാട്ടുപന്നിശല്യം നേരിടുന്ന സ്ഥലങ്ങളിൽ ഏറ്റവും അടുത്തുള്ള ഷൂട്ടറുടെ സേവനം ലഭ്യമാക്കാൻ വനംവകുപ്പ് പുതിയ മൊബൈൽ ആപ്പ് വികസിപ്പിക്കുന്നു. തിരുവനന്തപുരത്ത് ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് ഈ തീരുമാനം. ആപ്പിൽ രജിസ്റ്റർ ചെയ്ത ഷൂട്ടർമാർക്ക് പന്നിശല്യമുണ്ടായാൽ ഉടൻ അലർട്ട് ലഭിക്കും. സുരക്ഷ മുൻനിർത്തി വാർഡ് മെമ്പർമാർ, പഞ്ചായത്ത് സെക്രട്ടറിമാർ, ജാഗ്രതാ സമിതി കോർഡിനേറ്റർമാർ എന്നിവരുടെ നമ്പറുകളും ആപ്പിൽ ഉൾപ്പെടുത്തും.

&&&&&&&&&&&&&&&&&&

## പ്രതിപക്ഷ നേതാവ്

വന്യജീവി ആക്രമണങ്ങൾക്ക് പരിഹാരം കാണാൻ രണ്ടു വർഷമെടുക്കുമെന്ന വനം മന്ത്രിയുടെ നിലപാട് നിരുത്തരവാദപരമാണെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ. കഴിഞ്ഞ ദിവസങ്ങളിൽ നിരവധി മരണങ്ങളും നാശനഷ്ടങ്ങളുമാണ് വന്യജീവി ആക്രമണങ്ങളുടെ ഫലമായി കേരളത്തിൽ സംഭവിച്ചത്. ഈ വിഷയത്തിൽ സർക്കാർ  ഇടപെടണമെന്ന് പ്രതിപക്ഷ നേതാവ് ആവശ്യപ്പെട്ടു.

RNU TVPM

&&&&&&&&&&&&&&&&&&

## കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പ്

കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പ് കേസിൽ  സിപി എം നേതാക്കൾക്കെതിരെ പ്രഥമദൃഷ്ട്യാ തെളിവുണ്ടെന്ന് കോടതി. 28 പ്രതികൾക്കെതിരെയും വിചാരണ നടത്താമെന്ന് പി.എം.എൽ.എ. കോടതി നിരീക്ഷിച്ചു . സി പി എം നേതാക്കളായ എ.സി.മൊയ്തീനും കെ.രാധാകൃഷ്ണനും എം.എം.വർഗീസും വിചാരണ നേരിടണം.

&&&&&&&&&&&&&&&&&&

## സി.ബി.എസ്.ഇ.

മാർക്ക് പരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനുമുള്ള അപേക്ഷകൾ സമർപ്പിക്കാനുള്ള അവസാന തീയതി CBSE നാളെ വരെ ദീർഘിപ്പിച്ചു. ഞായറാഴ്ച വരെ അപേക്ഷകൾ സമർപ്പിക്കാം. അപേക്ഷാ നടപടികൾ പൂർത്തിയാക്കാൻ വിദ്യാർത്ഥികൾക്ക് കൂടുതൽ സമയം നൽകുന്നതിനായാണ് തീരുമാനമെന്ന് സി.ബി.എസ്.ഇ വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## മനുഷ്യാവകാശ കമ്മീഷൻ

പ്രവർത്തനം നിലച്ച എറണാകുളം കടുങ്ങല്ലൂർ എടയാർ ശാന്തിതീരം പൊതു ശ്മശാനത്തിൽ തദ്ദേശ സ്വയം ഭരണ വകുപ്പ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ സ്ഥലപരിശോധന നടത്തണമെന്ന് മനുഷ്യാവകാശ കമ്മീഷൻ. സ്ഥല പരിശോധനക്ക് മുമ്പ് കടുങ്ങല്ലൂർ പഞ്ചായത്ത് സെക്രട്ടറിക്കും വാർഡ് അംഗത്തിനും നോട്ടീസ് നൽകണം. സ്ഥല പരിശോധനയുടെ അടിസ്ഥാനത്തിൽ ജോയിന്റ് ഡയറക്ടർ ഒരു മാസത്തിനകം കമ്മീഷനിൽ റിപ്പോർട്ട് സമർപ്പിക്കണമെന്ന് കമ്മീഷൻ നിർദ്ദേശിച്ചു.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

RNU TVPM